
AAPS PRESENTS

# DR. V. P. JOY IAS CENTRE OF CAREER EXCELLENCE



## AT GHSS POOTHRIKKA

A Career Development Initiative of
Alumni Association Poothrikka School (AAPS)

# ABOUT THE CENTRE

മികച്ച കരിയർ കെട്ടിപ്പടുക്കാൻ ഹൃദയം കൊണ്ട് കൊതിക്കുന്ന നിരവധി കുഞ്ഞുങ്ങൾ നമുക്ക് ചുറ്റും ഉണ്ട്. പക്ഷെ ഗ്രാമീണ അന്തരീക്ഷത്തിൽ നിന്ന് പുറംലോകത്തെ കാഴ്ചകളും യാഥാർഥ്യങ്ങളും തിരിച്ചറിയുമ്പോഴേക്കും ഒത്തിരി വൈകിപോയേക്കാം. കഴിവ് ഉണ്ടെങ്കിലും അവസരങ്ങളുടെ ലോകത്തേക്കുള്ള വാതിൽ അടഞ്ഞു പോകുന്നത് കൊണ്ട് മുന്നോട്ട് കുതിക്കാൻ കഴിയാതെ കിതയ്ക്കുന്നു ഒരു പറ്റം കുട്ടുകാർ ഇപ്പോഴും ഉണ്ട് എന്ന സത്യം നാം മറന്നു കൂടാ. ചിലപ്പോൾ അറിവും അവസരങ്ങളും ഉണ്ടായിട്ടും അതിനു വേണ്ട പ്രോത്സാഹനങ്ങളോ വിഭവങ്ങളോ മാർഗ്ഗ നിർദ്ദേശങ്ങളോ ഇല്ലാത്തതായിരിക്കാം നിരവധി ആളുകൾ പിന്നോട്ട് പോകാൻ കാരണം. വിദ്യാഭ്യാസം പൂർത്തിയാകുമ്പോൾ തങ്ങൾ മത്സരിക്കേണ്ടി വരുന്നത് തങ്ങളേക്കാൾ എല്ലാം കൊണ്ടും അറിവും പ്രാപ്തിയും നേടിയ സമൂഹത്തോടാണ് എന്ന അറിവ് ആരെയും തളർത്തിക്കൂടാ. ഈ കാര്യത്തിൽ നമുക്ക് ഏവർക്കും മാതൃകദീപമാണ് പൂതൃക്ക ഗവണ്മെന്റ് സ്കൂൾ പൂർവ്വ വിദ്യാർത്ഥിയും ഇപ്പോഴത്തെ കേരള ചീഫ് സെക്രട്ടറിയുമായ ഡോ. വി. പി. ജോയ് ഐ. എ. എസ്.

വിജയം ഒരു സുപ്രഭാതത്തിൽ സംഭവിക്കുന്നത് അല്ല. അത് നിരന്തരമായ തയ്യാറെടുപ്പും പരിശ്രമത്തിന്റെയും ഫലമാണ്. വിജയത്തിനായി ചിട്ടയായി ചെറുപ്പം മുതലേ തയ്യറെടുക്കാൻ കുട്ടികൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുക എന്നതാണ് അലുംനായ് അസോസിയേഷൻ പൂതൃക്ക സ്കൂൾ (ആപ്സ്) മുന്നോട്ട് വയ്ക്കുന്ന ഡോ, വി .പി . ജോയ് ഐ. എ. എസ്. സെന്റർ ഓഫ് കരിയർ എക്സലൻസ്. ജീവിത വിജയത്തിനും ആഗ്രഹിക്കുന്ന കരിയർ നേടിയെടുക്കുന്നതിനും സ്കൂൾ തലം മുതൽ ചിട്ടയായ പരിശീലനവും പ്രോത്സാഹനങ്ങളും വിഭവങ്ങളും നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം .

# ABOUT

# DR. V. P. JOY IAS



എറണാകുളം ജില്ലയിൽ കിങ്ങിണിമറ്റം വാഴയിൽ പത്രോസ് -ഏലിയാമ്മ ദമ്പതികളുടെ മകനായി ജനനം (1963). പൂതൃക്ക ഗവണ്മെന്റ് സ്കൂളിൽ ഹൈ സ്കൂൾ പഠനം. തിരുവനന്തപുരം എഞ്ചിനീറിങ് കോളേജിൽ നിന്ന് റാങ്കോടെ ബിരുദം. വിക്രം സാരാഭായി സ്പേസ് റിസർച്ച് സെന്ററിൽ സയന്റിസ്റ്. 1987 ൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവിസിൽ പ്രവേശിക്കുന്നു. യൂ കെയിലെ ബെർമിങ്ഹാം യൂണിവേഴ്സിറ്റിയിൽ നിന്ന് എം. ബി. എ, ഡൽഹി സ്കൂൾ ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനിൽ നിന്ന് എംഫിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡൽഹിയിൽ നിന്ന് പി. എച്. ഡി. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ തലവനായി സേവനം അനുഷ്ടിച്ചു. ഇപ്പോൾ കേരള ചീഫ് സെക്രട്ടറി. ഔദ്യോഗിക ജീവിതത്തോടൊപ്പം തന്നെ 'മലയാളത്തിന്റെ ഗസൽ' കൂടിയാണ് ജോയ് വാഴയിൽ. നിരവധി കാവ്യാ രചനകൾ അദ്ദേഹത്തിന്റെ ഭാവനയിൽ വിരിഞ്ഞിട്ടുണ്ട്. സാഹിത്യ ഗവേഷണ രംഗത്ത് വിവിധ പുരസ്കാരങ്ങൾക്ക് ഉടമയാണ് .

# VISION AND MISSION

## VISION

MAKING DREAMS HAPPEN
(സ്വപ്നങ്ങൾ യാതാർഥ്യമാക്കുക )

## MISSION

### Building Awareness

വിവിധ മേഖലയിലെ കരിയർ സാധ്യതകളെക്കുറിച്ച്
ആഴത്തിലുള്ള അവബോധം നൽകൽ

### Helping to Plan and Prepare

വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശീലനവും
മെന്റോറിങ് സപ്പോർട്ടും

### Offering Support and Resources

മികച്ച കരിയറിന് ആവശ്യമായാ കോച്ചിങ്, പഠന
സഹായികൾ, സാമ്പത്തിക സഹായം,
ഫെല്ലോഷിപ്പ്

# PROJECTS



## CAREER CENTRE

ഏറ്റവും ആധുനിക സൗകര്യങ്ങളോടു കൂടി മുഴുവൻ സമയം പ്രവർത്തിക്കുന്ന വി. പി. ജോയ് സെന്റർ ഓഫ് കരിയർ എക്സ് ലാൻസ്. മികച്ച മത്സര പരീക്ഷ പുസ്തകങ്ങൾ, മോട്ടിവേഷണൽ ഗ്രന്ഥങ്ങൾ, മാഗസിനുകൾ, വിവിധ വാർത്തമാന പത്രങ്ങൾ, നിസീമമായ ഇന്റർനെറ്റ് സൗകര്യം തുടങ്ങി മുന്നേറാൻ ആവശ്യമായ പ്രേരകങ്ങളുടെ ശേഖരം.

## AAPS FELLOWSHIP

ഓരോ വർഷവും തിരഞ്ഞെടുക്കപ്പെടുന്ന **പത്തു പേർക്ക് പതിനയ്യായിരം രൂപ** സ്കോളർഷിപ്പോടെ വിവിധ മേഖലകളിൽ മികവ് തെളിയിക്കാൻ അവസരം. മത്സര പരീക്ഷ പരിശീലനത്തിന് മുൻഗണനന. വിദഗ്ദരായ മെന്റോഴ്സിന്റെ കീഴിൽ ചിട്ടയായ ഒരുക്കം. സയൻസ്, ടെക്നോളജി, ഗണിതം, മാനേജ്മെന്റ്, സംരംഭകത്വം, സാമൂഹിക സേവനം, കോമേഴ്സ്, ഡിഫെൻസ്, വിദ്യാഭ്യാസം, സിവിൽ സർവീസ് എന്നീ മേഖലകളിൽ തിളങ്ങാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കുന്നു.

## CAREER GUIDANCE CAMPS

വിവിധ മേഖലകളിലെ കരിയർ സാധ്യതകളെക്കുറിച്ച് വിദ്ഗരുടെ ക്ലാസുകൾ. തങ്ങൾക്ക് ഇഷ്ടപ്പെട്ട മേഖല ഏതെന്നു കണ്ടെത്തുക, തിരഞ്ഞെടുക്കുക, തയ്യാറെടുക്കുക എന്നീ ആശയങ്ങൾ മുൻനിർത്തി ഫോക്കസ്ഡ് സെഷൻസ്. വ്യക്ത്വിത്വ വികസനം, മൂല്യ ബോധം, പൗരബോധം, ആത്മവിശ്വാസം എന്നിവ വർധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ

## COACHING

മികച്ച കരിയർ നേടാൻ ആവശ്യമായ വിഷയങ്ങൾക്കു വേണ്ടി പ്രത്യേക പരിശീലനം. ഇംഗ്ലീഷ് ഭാഷ, പൊതുവിജ്ഞാനം, പ്രഭാഷണം എന്നിവയ്ക്കായി പ്രത്യേക കോച്ചിങ് പരിപാടി. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മികച്ച കോച്ചിങ് സെന്ററിൽ പഠിക്കാൻ സൗകര്യം.

# സഹകരിക്കാം

| ANNUAL BUDGET | | | | | |
|---|---|---|---|---|---|
| Sl.No. | Item | Units | Expected Cost/Uni | Total | Recurring |
| 1 | Books | 250 | 300 | 75000 | 20000 |
| 2 | Magazines | 25 | 500 | 12500 | 12500 |
| 3 | News Paper | 3X12 | 300 | 10800 | 10800 |
| 4 | Laptop | 5 | 50000 | 250000 | |
| 5 | Almara | 3 | 20000 | 60000 | |
| 6 | Table | 5 | 5000 | 25000 | |
| 7 | Chairs | 25 | 1000 | 25000 | |
| 8 | Book Shelf | 3 | 5000 | 15000 | |
| 9 | Fan | 2 | 3000 | 6000 | |
| 10 | AC | 1 | 40000 | 40000 | |
| 11 | Fellowship | 10 | 15000 | 150000 | 150000 |
| 12 | Face lift | 1 | 25000 | 25000 | |
| 13 | Staff cost | 1X12 | 7500 | 90000 | 90000 |
| 14 | Trainings | 10 | 5000 | 50000 | 50000 |
| 15 | Printing and Stationery | 1 | 10000 | 10000 | 10000 |
| 16 | Maintanance | 1 | 5000 | 5000 | 20000 |
| 17 | Miscellaneous | 1 | 50000 | 50000 | 15000 |
| | **TOTAL** | | | **899300** | **358300** |

പൂർണ്ണമായോ ഭാഗികമായോ, കൂട്ടമായോ ഒറ്റക്കായോ ഈ സംരഭത്തോട് സഹകരിക്കാം. പരിശീലകർ , മെന്റർസ് , തുടങ്ങിയ രീതിയിലും ഈ യജ്ഞത്തിൽ പങ്ക് ചേരാം .

## Contact Us

Cinol V Saju - President
+91-9747550530

Dr. Paul V Mathew - Secretary
+91-9745482028

Anish Mathews Paul, Treasurer
+91-94470 61551

E-mail: aapspoothrikka@gmail.com



# Thank You.

“If your plan is for one year plant rice. If your plan is for ten years plant trees. If your plan is for one hundred years educate children”.